ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ

81644/DSW 2/2025/DSW 08.09.2025

വിജ്ഞാപനം

വിഷയം: മഹാത്മാ ഗാന്ധി സർവ്വകലാശാല - ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ - 2025-'26 അക്കാദമിക വർഷത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിദ്യാർത്ഥികളിൽ ഗൗരവതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്കുള്ള 'ക്രിട്ടിക്കൽ ഇൽനെസ്സ് മെഡിക്കൽ എയ്ഡ് - ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച് :-

2025-'26 അക്കാദമിക വർഷത്തെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിദ്യാർത്ഥികളിൽ ഗുരുതര രോഗങ്ങളിൽ ചികിത്സ തേടിയ/തേടുന്നവർക്ക് ചികിത്സാധനസഹായം നൽകുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു.

യോഗ്യത:

- അപേക്ഷകർ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ഒരു അഫിലിയേറ്റഡ് സ്ഥാപനത്തിലെയോ ഡിപ്പാർട്ട്മെന്റ്/സ്കൂൾ/സെന്ററിലെയോ നിലവിലെ അധ്യയന വർഷത്തിലെ റഗുലർ വിദ്യാർത്ഥിയായിരിക്കണം.
- അവയവ മാറ്റ ശസ്ത്രക്രിയ നടത്തിയവരോ , മറ്റു ഗുരുതര രോഗങ്ങൾക്ക് ചികിത്സ തേടിയതും നിലവിൽ ചികിത്സയിൽ ഉള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- സർവ്വകലാശാലാ മെഡിക്കൽ ഓഫിസർ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് അർഹരായവരെ തെരെഞ്ഞെടുക്കുന്നത്.

സ്കോളർഷിപിന് അപേക്ഷിക്കേണ്ട വിധം:

- യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് അതതു സ്ഥാപനത്തിലെ ബന്ധപ്പെട്ട വിദ്യാർത്ഥി ക്ഷേമത്തിനായുള്ള അധ്യാപക പ്രതിനിധി (സ്റ്റുഡന്റ്സ് വെൽഫെയർ കോർഡിനേറ്റർ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) മുഖേന ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ് .
- അതാതു കോളേജിന്റെ പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് സ്കോളർഷിപ്പ് അപേക്ഷകൾക്കായി നൽകിയിട്ടുള്ള ഓപ്ഷൻ തെരഞ്ഞെടുത്ത് തുടർന്ന് വരുന്ന വെബ് പേജിൽ അപേക്ഷിക്കുവാൻ ഉദ്ദേശിക്കുന്ന സ്കോളർഷിപ്പിന്റെ ഓപ്ഷൻ ഡ്രോപ്പ് ഡൗണിൽ നിന്നും സെലക്ട് ചെയ്യുക, ശേഷം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ എന്റർ ചെയ്യുക (പേര്, അഡ്രസ്, വിദ്യാർത്ഥിയുടെ സ്വന്തം അക്കൗണ്ട് വിവരങ്ങൾ എന്നിവ).
- പ്രിൻസിപ്പലിന്റെ ശിപാർശ കത്തും, മെഡിക്കൽ റിപ്പോർട്ടും, ഡിസ്ചാർജ് സമ്മറി(ഓപ്ഷണൽ), വരുമാന സർട്ടിഫിക്കറ്റ് എന്നിവ സ്കാൻ ചെയ്ത് ഒരു സിംഗിൾ പി.ഡി.എഫ് (.pdf) ഫയലായി അപ്ലോഡ് ചെയ്ത് അപേക്ഷ സബ്മിറ്റ് ചെയ്യുക
- മെഡിക്കൽ സർട്ടിഫിക്കറ്റ്, ഡിസ്ചാർജ് സമ്മറി, പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം എന്നിവയുടെ അസ്സൽ രേഖകൾ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഓ., കോട്ടയം , 686560 എന്ന വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്.

Draft #4 of File 81644/DSW 2/2025/DSW Approved by DIRECTOR on 08-Sep-2025 04:00 PM - Page 1

- തുക: ഒരു ഗുണഭോക്താവിന് ₹50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ.
- ആകെ ഗുണഭോക്താക്കളുടെ എണ്ണം: 10 (അർഹരായവരുടെ അപേക്ഷകൾ എണ്ണത്തിൽ കവിയുന്നുവെങ്കിൽ മെഡിക്കൽ ഓഫിസറുടെ പരിശോധനയിൽ, തീവ്രതയേറിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള അപേക്ഷകൾക്ക് മുൻഗണന നൽകുന്നതാണ്)

അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട പ്രധാന രേഖകൾ :

- ചികിത്സ തേടിയ വിവരങ്ങൾ ഉൾപ്പെടുത്തിയ മെഡിക്കൽ റിപ്പോർട്ട് .
- ഡിസ്ചാർജ് സമ്മറി (ഓപ്ഷണൽ)
- സ്ഥാപന മേധാവിയിൽ നിന്നുള്ള ബോണഫൈഡ് സ്റ്റുഡന്റ് സർട്ടിഫിക്കറ്റ് (പ്രസ്തുത സാക്ഷ്യപത്രത്തിൽ വിദ്യാർത്ഥിയുടെ രോഗാവസ്ഥയെക്കുറിച്ചും ധനസഹായത്തിനുള്ള യോഗ്യത ശുപാർശ ചെയ്യുകയും ചെയ്തിരിക്കേണ്ടതാണ്)

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 22-09-2025

ABRAHAM K SAMUEL
DIRECTOR

Draft #4 of File 81644/DSW 2/2025/DSW Approved by DIRECTOR on 08-Sep-2025 04:00 PM - Page 2